**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6526** **20-03-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എ. രാജ,<br>ശ്രീമതി ദെലീമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഉൾനാടൻ മത്സ്യലഭ്യത അഞ്ച് വർഷം കൊണ്ട് ഇരട്ടിയാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച ''എവിടെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യകൃഷി ''എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട്, സാധ്യതയുള്ള എല്ലാ ജലാശയങ്ങളിലും മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യ ലഭ്യത അഞ്ച് വർഷം കൊണ്ട് ഇരട്ടിയാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച 'എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യകൃഷി' എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് 'സുഭിക്ഷ കേരളം' ജനകീയ മത്സ്യകൃഷി പദ്ധതി കൂടുതൽ വിപുലമാക്കി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 25 ഇനം മത്സ്യകൃഷി രീതികൾ നടപ്പിലാക്കി വരുന്നു. ഇപ്രകാരം വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിയതിലൂടെ 24,198 മെട്രിക് ടണ്ണായിരുന്ന മത്സ്യോല്പാദനം നിലവിൽ 37,521 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പൊതുകുളങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കി. 2020-21 സാമ്പത്തിക വർഷം 8165 പൊതുകുളങ്ങളിലായി 1367.86 ഹെക്ടർ സ്ഥലത്തും 2021-22 സാമ്പത്തിക വർഷം 7235 കുളങ്ങളിലായി 1338.41 ഹെക്ടർ സ്ഥലത്തും മത്സ്യവിത്ത് നിക്ഷേപം നടത്തി. പൊതുകുളങ്ങളിൽ മത്സ്യകൃഷി നടപ്പിലാക്കിയതു വഴി 298 ടൺ മത്സ്യം ഉല്പാദിപ്പിച്ചിട്ടുണ്ട്. |
| (ബി) | മത്സ്യകേരളം പദ്ധതിയുടെ ഭാഗമായി കുളങ്ങളിലും ഡാമുകളിലും വയലുകളിലും സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിന് തുടർ | (ബി) | മത്സ്യകേരളം പദ്ധതി നിലവിൽ നടപ്പിലാക്കുന്നില്ല. എന്നാൽ കുളങ്ങളിലും ഡാമുകളിലും വയലുകളിലും സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 'സുഭിക്ഷകേരളം' ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി |

| | | | |
|---|---|---|---|
| | പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; പദ്ധതി നടത്തിപ്പിനായി സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വെളിപ്പെടുത്താമോ; | | മത്സ്യ സമ്പദ യോജന തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | ഉൾനാടൻ മത്സ്യങ്ങളുടെ വിപണനത്തിനും സംസ്കരണത്തിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോയെന്ന് അറിയിക്കുമോ? | (സി) | ഉൾനാടൻ മത്സ്യങ്ങളുടെ വിപണനത്തിനായി ജനകീയ മത്സ്യകൃഷി 'സുഭിക്ഷകേരളം' പദ്ധതിയിലുൾപ്പെടുത്തി ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലെറ്റ് പദ്ധതി മുഖേന മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനായി 30 ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ വിവിധ ജില്ലകളിൽ സ്ഥാപിക്കുന്നതിനായി 'ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലെറ്റ്' എന്ന പദ്ധതി ഘടകത്തിന് അനുമതി നൽകിയിട്ടുണ്ട് . ഇതിൽ റാന്നി, പെരുനാട്, കോന്നി, ആയിരംതെങ്ങ്, എരഞ്ഞോളി, പൊയ്യ, പീച്ചി, കല്ലാനോട് എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തി ഔട്ട് ലെറ്റുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉല്പാദനം മത്സ്യഫെഡ് വഴി നടത്തിയിട്ടുണ്ട്. മത്സ്യഫെഡിന്റെ കീഴിൽ ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കിയുള്ള മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങളുടെ ഉല്പാദന യൂണിറ്റിലും കൂടുതലായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളിലും പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾ ഉപയോഗിച്ച് വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിന്റെ സാധ്യത പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ